# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3500. 11-12-2018 ൽ മറുപടിയ്ക്ക്

## പാടങ്ങളിൽ കൃഷിയിറക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്; | (എ) | 2009-10 മുതൽ 2015-16 വരെ നെൽകൃഷിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞ് വരികയായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടർ ആയിരുന്നു. 2016-17 സാമ്പത്തിക വർഷം 171398 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വിളവെടുത്തതായി ഇക്കൊണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക് കാണിക്കുന്നു. എന്നാൽ, 2016-17 ലെ രണ്ടാം വിള കാലത്തുണ്ടായ രൂക്ഷമായ വരൾച്ചയിൽ 50917.62 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചു പോവുകയോ കൃഷി ചെയ്യാൻ കഴിയാതെ വരികയോ ചെയ്തതിനാലാണ് 2016-17 ൽ ഇക്കൊണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം വിസ്തൃതി കുറവ് കാണുന്നത്. 2017-18 ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 220449 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ട്. നടപ്പുവർഷം 224000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷിചെയ്തിരുന്നു; | (ബി) | മുൻസർക്കാർ അധികാരത്തിൽ ഉണ്ടായിരുന്ന 5 വർഷക്കാലത്തെ നെൽ- കൃഷിയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><th>വർഷം</th><th>വിസ്തൃതി (ഹെക്ടറിൽ)</th></tr>
<tr><td>2011-12</td><td>208161</td></tr>
<tr><td>2012-13</td><td>197277</td></tr>
<tr><td>2013-14</td><td>199611</td></tr>
<tr><td>2014-15</td><td>198159</td></tr>
<tr><td>2015-16</td><td>196870</td></tr>
</table>
</td></tr>
<tr><td>(സി)</td><td>പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്;</td><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23579 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷിയിറക്കാൻ സാധിച്ചു തരിശുനിലകൃഷിയിലും കരനെൽകൃഷിയിലും അധികമായി ശ്രദ്ധ ചെലുത്തുകയും ഒരുപ്പൂകൃഷി ഇരുപ്പൂവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൃഷി ചെയ്തു കൊണ്ടിരിക്കുന്ന സ്ഥലങ്ങൾ തരിശിടാതെ ശ്രദ്ധിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>തരിശു നെൽപ്പാടങ്ങളിൽ കൃഷിയിറക്കുന്നവർക്ക് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?</td><td>(ഡി)</td><td>തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകിവരുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**